കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 6 | ജൂൺ 30, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്താ പത്രിക

അകത്താളുകളിൽ

3 കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ ഞാറ്റുവേല കലണ്ടർ

6 വിള ഇൻഷുറൻസ്

8 വെളിച്ചെണ്ണ മിൽ പ്ലാന്റ് മാമത്ത് പ്രവർത്തനം തുടങ്ങി

## നടീൽ കാലത്തിനു ആരംഭം കുറിച്ചുകൊണ്ട്

# ഞാറ്റുവേല ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം

ഞാറ്റുവേല ചന്തകളുടെയും കർഷക സഭകളുടെയും സംസ്ഥാനതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിലി ന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അണ്ടൂർക്കോണം പള്ളിപ്പുറം പാടശേഖരത്തിൽ വച്ച് 22-06-2021 ന് നിർവഹിച്ചു. ആനാട് ഗ്രാമപഞ്ചായത്തിൽ നിന്നും കർഷകർ കൊണ്ടുവന്ന വിവിധ നടീൽവസ്തുക്കൾ അണ്ടൂർകോണത്തെ കർഷകർക്ക് കൈമാറി കൊണ്ടാണ് മന്ത്രി ഉദ്ഘാടന കർമ്മം നിർവഹിച്ചത്. ഞാറ്റുവേല കാലത്ത് പൂർവികർ അനുഷ്ഠിച്ചിരുന്ന നാടൻ വിത്തുകളുടെ കൈമാറ്റം എന്ന കാർഷിക ആചാരമാണ് ഉദ്ഘാടനച്ചടങ്ങിൽ പുനരാവിഷ്കരിക്കപ്പെട്ടത്.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗമായ എം.ജലീൽ, അണ്ടൂർക്കോണം പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാജിദ, ജില്ലാ പഞ്ചായത്ത് മെമ്പർ ഉനൈസ അൻസാരി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പുഷ്പ വിജയൻ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ഹരി ചടങ്ങിന് സ്വാഗതവും കൃഷി അഡീഷണൽ ഡയറക്ടർ സോണിയ നന്ദിയും അറിയിച്ചു.







ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

കർഷകർക്ക് അന്തസ്സായി ജീവിതം നയിക്കുവാൻ കൃഷിയിലൂടെ സാധ്യമാകണമെന്നും അതിനുള്ള പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് കഴിഞ്ഞ സർക്കാരിന്റെ തുടർ പ്രവർത്തനങ്ങൾ എന്ന നിലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും കൃഷിമന്ത്രി അഭിപ്രായപ്പെട്ടു. കാലാവസ്ഥാവ്യതിയാനം പല പ്രത്യാഘാതങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇതിനെ ചെറുക്കേണ്ടത് കൃഷിയിലൂടെ ആകണമെന്നും മന്ത്രി പറഞ്ഞു. കാർഷികവിളകളുടെ വിപണനത്തിനാണ് ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് എന്ന് ചടങ്ങിൽ അധ്യക്ഷനായ ഭക്ഷ്യ-പൊതുവിതരണ മന്ത്രി ജി. ആർ. അനിൽ അഭിപ്രായപ്പെട്ടു. ഇടനിലക്കാരെ പരമാവധി കുറച്ചുകൊണ്ട് കർഷകരുടെ ഉത്പ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നും മന്ത്രി ഉറപ്പ് നൽകി.

ആനാട് നിന്നുള്ള കർഷകൻ ഷിബു നിർമ്മിച്ച് ഒറ്റ തെങ്ങിലെ കൃഷിത്തോട്ടം കൗതുക കാഴ്ചയായിരുന്നു. ഞാറ്റുവേലയിലെ നടീൽവസ്തു വിതരണ ചടങ്ങിനോടനുബന്ധിച്ച് പള്ളിച്ചൽ പാടശേഖരത്തിൽ മന്ത്രിമാർ ചേർന്ന് ഉമ ഇനം നെൽവിത്ത് വിതയ്ക്കുകയും ചെയ്തു.



നന്ദിയോട് നിന്നുള്ള കർഷകൻ ശ്രീജിത്ത് കൃഷി മന്ത്രിക്ക് മുട്ടിപ്പഴവും അതിന്റെ തൈയും സമ്മാനമായി നൽകുന്നു.

കമ്പ് കുത്തി നടുന്ന വിളകൾ, കൊടിത്തലകൾ, തെങ്ങിൻതൈകൾ, ഫലവർഗ്ഗവിളകൾ ഉൾപ്പെടുന്ന പലതരം കാർഷികവിളകളുടെ നടീൽ കാലമാണ് തിരുവാതിര ഞാറ്റുവേല. കർഷകർക്കും പൊതുജനങ്ങൾക്കും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി ഈ ഇടവേളയിൽ സംസ്ഥാന കൃഷിവകുപ്പ് ഞാറ്റുവേല ചന്തകൾ നാടെങ്ങും സംഘടിപ്പിക്കുകയാണ്.

അതോടൊപ്പം കർഷകരുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനുമായി കർഷക സഭകളും വാർഡ് തലത്തിൽ നടത്തുകയാണ്.



കാർഷിക കേരളത്തിനായി കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ ഞാറ്റുവേല കലണ്ടർ കൃഷിവകുപ്പ് മന്ത്രി ഭക്ഷ്യ-പൊതുവിതരണവകുപ്പ് മന്ത്രിക്ക് നൽകി കൊണ്ട് ഈ വർഷത്തെ ഞാറ്റുവേല കലണ്ടറിന്റെ പ്രകാശനം നടത്തി.

# കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ ഞാറ്റുവേല കലണ്ടർ

കേരള സർക്കാർ
കാർഷികവികസന കർഷകക്ഷേമ വകുപ്പ്

## ഞാറ്റുവേല കലണ്ടർ




## കേരളത്തിന്റെ സ്വന്തം ഞാറ്റുവേല

മണ്ണ്, കാലാവസ്ഥ, വിത്ത്, ജലം എന്നിവയുടെ ശരിയായ പാരസ്പര്യത്തിലാണ് കൃഷിയിലെ മികച്ച വിളവിന്റെ അടിത്തറ നിലകൊള്ളുന്നത്. ഇതിൽ കാലാവസ്ഥയ്ക്കും അവയുടെ വ്യതിയാനങ്ങൾക്കും അതിലുൾക്കൊള്ളുന്ന അനിശ്ചിതത്വം കൊണ്ടു തന്നെ വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തി സസ്യങ്ങളുടെ വിവിധ കാലഘട്ടങ്ങളിലുള്ള വളർച്ച, അതിന്റെ വിള പരിപാലന മുറകൾ, കീടരോഗ ആക്രമണം എന്നിവയെല്ലാം ഗ്രഹിച്ച് പൂർവ്വികരാൽ തയ്യാറാക്കപ്പെട്ട കൃഷിയുടെ സമയക്രമമാണ് ഞാറ്റുവേല. ഇതിന് അടിത്തറയാകുന്നത് ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഊർജ്ജം പകരുന്ന സൂര്യനാണ്. ഭൂമി സൂര്യനെ ഒരു പ്രാവശ്യം വലം വയ്ക്കാൻ എടുക്കുന്ന സമയത്തെയും മലയാള മാസത്തേയും നക്ഷത്രങ്ങളെയും സംയോജിപ്പിച്ചു കൊണ്ടാണ് ഞാറ്റുവേല തയ്യാറാക്കിയിട്ടുള്ളത്. ഞാറ്റുവേലയെന്നാൽ ഞായറിന്റെ വേല. അല്ലെങ്കിൽ സൂര്യന്റെ സഞ്ചാരം എന്നർത്ഥം.

**സൂര്യനും ചന്ദ്രനും കൃഷിയിലുള്ള പ്രാധാന്യം**

കാർഷിക രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന രണ്ടു ഘടകങ്ങളാണ് സൂര്യനും ചന്ദ്രനും. സസ്യങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്ന കർത്തവ്യമാണ് സൂര്യൻ നിർവ്വഹിക്കുന്നത് എങ്കിൽ അവയ്ക്ക് ആവശ്യമായ ജലാംശത്തെ ചന്ദ്രൻ സ്വാധീനിക്കുന്നു. സൂര്യനും ചന്ദ്രനും തമ്മിൽ അടുത്തു നിൽക്കുന്ന സമയം, അതായത് അമാവാസിക്ക് അന്തരീക്ഷത്തിൽ ജലാംശം വളരെ കുറവായി അനുഭവപ്പെടുന്നു. അതുകൊണ്ട് തന്നെ വിളവിറക്കൽ പറ്റാത്ത സമയമാണ് ഇത്. എന്നാൽ അമാവാസിയിൽ നിന്ന് പൗർണ്ണമിയിലേക്ക് നീങ്ങുന്ന ചന്ദ്രന്റെ അകലം സൂര്യനിൽ നിന്നു വർദ്ധിക്കുകയും ക്രമേണ അന്തരീക്ഷത്തിലെ ജലാംശം വർദ്ധിക്കുകയും ചെയ്യുന്നു. പൂർണ്ണ ചന്ദ്രനിലേക്ക് നീങ്ങുന്നതിന് മണിക്കൂറുകൾക്ക് മുമ്പ് വിത്തുകൾ വിതയ്ക്കുന്നത് പരമാവധി മുളയ്ക്കാൻ സഹായകമായി കണക്കാക്കുന്നു.

കർഷകനും കേരളത്തിലെ കാർഷിക രംഗത്തിനും പ്രാധാന്യം അർഹിക്കുന്ന മേടം എന്ന മലയാള മാസമാണ് ഞാറ്റുവേലയുടെ തുടക്കമായി കണക്കാക്കുന്നത്. മേടം 1 മുതൽ മീനം 30 വരെയുള്ള ഒരു വർഷക്കാലം 27 ഞാറ്റുവേലകളായി തിരിച്ചിരിക്കുന്നു. ഈ 27 ഞാറ്റുവേലകൾക്കും അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങളുടെ പേര് നൽകിയിരിക്കുന്നു. ഭൂമി സൂര്യനെ വലം വയക്കാൻ എടുക്കുന്ന 365 ദിവസത്തെ 27 ഞാറ്റുവേലകളായി തിരിക്കുമ്പോൾ ഓരോ ഞാറ്റുവേലയുടെയും ദൈർഘ്യം 13.5 ദിവസമായി ഒതുങ്ങുന്നു. അങ്ങനെയാകുമ്പോൾ ഒരു മാസത്തിൽ ശരാശരി 2.25 ഞാറ്റുവേല ഉൾപ്പെടുന്നു. മലയാള മാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഞാറ്റുവേല സമയക്രമവും ഞാറ്റുവേല കലണ്ടറും ചുവടെ ചേർക്കുന്നു.

## ഞാറ്റുവേലയും തിയ്യതികളും

| | | | |
|---|---|---|---|
| 1. | അശ്വതി | മേടം 1 - മേടം 14 | ഏപ്രിൽ 14 - ഏപ്രിൽ 27 |
| 2. | ഭരണി | മേടം 14 - മേടം 28 | ഏപ്രിൽ 27 - മെയ് 11 |
| 3. | കാർത്തിക | മേടം 28 - ഇടവം 11 | മെയ് 11 - മെയ് 25 |
| 4. | രോഹിണി | ഇടവം 11 - ഇടവം 25 | മെയ് 25 - ജ്ജൂൺ 8 |
| 5. | മകയിരം | ഇടവം 25 - മിഥുനം 7 | ജ്ജൂൺ 8 - ജ്ജൂൺ 22 |
| 6. | തിരുവാതിര | മിഥുനം 7 - മിഥുനം 23 | ജ്ജൂൺ 22 - ജ്ജൂലായ് 7 |
| 7. | പുണർതം | മിഥുനം 23 - കർക്കിടകം 4 | ജ്ജൂലായ് 7 - ജ്ജൂലായ് 20 |
| 8. | പൂയം | കർക്കിടകം 4 - കർക്കിടകം 18 | ജ്ജൂലായ് 20 - ആഗസ്റ്റ് 3 |
| 9. | ആയില്യം | കർക്കിടകം 18 - ചിങ്ങം 1 | ആഗസ്റ്റ് 3 - ആഗസ്റ്റ് 17 |
| 10. | മകം | ചിങ്ങം 1- ചിങ്ങം 14 | ആഗസ്റ്റ് 17 - ആഗസ്റ്റ് 30 |
| 11. | പൂരം | ചിങ്ങം 14 - ചിങ്ങം 28 | സെപ്തംബർ 1 - സെപ്തംബർ 13 |
| 12. | ഉത്രം | ചിങ്ങം 28 - കന്നി 11 | സെപ്തംബർ 13 - സെപ്തംബർ 27 |
| 13. | അത്തം | കന്നി 11 - കന്നി 24 | സെപ്തംബർ 27 - ഒക്ടോബർ 10 |
| 14. | ചിത്തിര | കന്നി 24 - തുലാം 8 | ഒക്ടോബർ 10 - ഒക്ടോബർ 24 |
| 15. | ചോതി | തുലാം 8 - തുലാം 21 | ഒക്ടോബർ 24 - നവംബർ 6 |
| 16. | വിശാഖം | തുലാം 21 - വൃശ്ചികം 4 | നവംബർ 6 - നവംബർ 19 |
| 17. | അനിഴം | വൃശ്ചികം 4 - വൃശ്ചികം 16 | നവംബർ 19 - ഡിസംബർ 1 |
| 18. | തൃക്കേട്ട | വൃശ്ചികം 17 - വൃശ്ചികം 30 | ഡിസംബർ 2 - ഡിസംബർ 15 |
| 19. | മൂലം | വൃശ്ചികം 30 - ധനു 14 | ഡിസംബർ 15 - ഡിസംബർ 29 |
| 20. | പൂരാടം | ധനു 14 - ധനു 27 | ഡിസംബർ 29 - ജനവരി 11 |
| 21. | ഉത്രാടം | ധനു 27 - മകരം 10 | ജനവരി 11 - ജനവരി 24 |
| 22. | തിരുവോണം | മകരം 10 - മകരം 23 | ജനവരി 24 - ഫെബ്രുവരി 6 |
| 23. | അവിട്ടം | മകരം 23 - കുംഭം 7 | ഫെബ്രുവരി 6 - ഫെബ്രുവരി 19 |
| 24. | ചതയം | കുംഭം 7 - കുംഭം 20 | ഫെബ്രുവരി 19 - മാർച്ച് 4 |
| 25. | പൂരുരുട്ടാതി | കുംഭം 20 - മീനം 4 | മാർച്ച് 4 - മാർച്ച് 18 |
| 26. | ഉത്രട്ടാതി | മീനം 4 - മീനം 17 | മാർച്ച് 18 - മാർച്ച് 31 |
| 27. | രേവതി | മീനം 17 - മീനം 31 | മാർച്ച് 31 - ഏപ്രിൽ 14 |

## ഞാറ്റുവേല സമയക്രമം

| മലയാള മാസം | ഞാറ്റുവേലകൾ |
|---|---|
| മേടം | അശ്വതി, ഭരണി, കാർത്തിക |
| ഇടവം | കാർത്തിക, രോഹിണി, മകയിരം |
| മിഥുനം | മകയിരം, തിരുവാതിര, പുണർതം |
| കർക്കിടകം | പുണർതം, പൂയം, ആയില്യം |
| ചിങ്ങം | മകം, പൂരം, ഉത്രം |
| കന്നി | ഉത്രം, അത്തം, ചിത്തിര |
| തുലാം | ചിത്തിര, ചോതി, വിശാഖം |
| വൃശ്ചികം | വിശാഖം, അനിഴം, തൃക്കേട്ട |
| ധനു | മൂലം, പൂരാടം, ഉത്രാടം |
| മകരം | ഉത്രാടം, തിരുവോണം, അവിട്ടം |
| കുംഭം | അവിട്ടം, ചതയം, പൂരുരുട്ടാതി |
| മീനം | പൂരുരുട്ടാതി, ഉതൃട്ടാതി, രേവതി |

## ഞാറ്റുവേലച്ചൊല്ലുകൾ

- അശ്വതിയിലിട്ട വിത്തും, അച്ഛൻ വളർത്തിയ മക്കളും ഭരണിയിലിട്ട മാങ്ങയും കേടാകില്ല.
- കാർത്തികക്കാലും, കാലടി അകലവും, കാഞ്ഞിരത്തോലും, കരിമ്പടപ്പുതപ്പും, കനൽപ്പാടും, ഇഞ്ചിക്കുത്തമം. (കരിമ്പടപ്പുതപ്പ് - ചാണകപ്പൊടി)
- കാർത്തികയിൽ ഇഞ്ചി കാശോളം വെച്ചാൽ മതി
- കാർത്തികയിൽ വഴുതന നട്ട് കയ്യിലോണ്ട് മുക്കി നനയ്ക്കുക.
- കാർത്തികക്കള്ളൻ കവുങ്ങുണക്കും. (മഴ പെയ്യാൻ വരും പക്ഷെ പെയ്യില്ല)
- കാർത്തിക കായണം
- വിരിപ്പ് കായണം മുണ്ടകൻ മുങ്ങണം
- രോഹിണിയിൽ പയർ നട്ടാൽ വിളയും
- മകയിരത്തിൽ മതിമറന്ന് പെയ്യും. മകയിരത്തിൽ വിതച്ചാൽ മദിക്കും. മകയിരത്തിൽ മാരി ചൊരിയും.
- തിരുവാതിരിയിൽ തിരി മുറിയാതെ, തിരുവാതിരിയിൽ വാട്ടലും പിഴിച്ചലും. തിരുവാതിരയിൽ തിരി തെറുക്കും. തിരുവാതിരയിൽ തിരിയിൽ നിന്നും ഒഴുകും പോലെ.
- പറങ്കികൾ കുരുമുളക് കൊടിയല്ലേ കൊണ്ടുപോകൂ. തിരുവാതിര ഞാറ്റുവേല കൊണ്ടുപോകില്ലല്ലോ.
- പുണർതത്തിൽ പോത്തിൻ പുറത്തും പുല്ല് മുളക്കും.

"മനസ്സിൽ കൃഷി ഉണ്ടാകണം
മണ്ണിൽ കൃഷി ഉണ്ടാകണം"

ഫാം ഇൻഫർമേഷൻ ബ്യൂറോ www.fibkerala.gov.in

# അറിയിപ്പുകൾ

## 2020 ലെ കർഷക അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് രണ്ടായിരത്തി യിരുപത് വർഷത്തെ ജില്ലാ - സംസ്ഥാന തല കർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഈ കാലയളവിൽ കാർഷികമേഖലയിലും വിജ്ഞാന വ്യാപനത്തിലും ജൈവ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും മറ്റും മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കർഷകർക്കും, യുവ കർഷകർക്കും, വ്യക്തികൾ ക്കും, മാധ്യമങ്ങൾക്കും, സ്കൂൾ കോളേജ് വിദ്യാർഥികൾ ക്കും, അവാർഡുകൾ നൽകുന്നു. വിവിധ അവാർഡുകളെ കു റിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും കർഷ കരെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള കൃഷി ഭവനിൽ ജൂലൈ മു പ്പത്തി ഒന്നാം തീയതിയ്ക്കു മുമ്പായി നൽകേണ്ടതാണ്. കർ ഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേ ക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയ്ക്കേണ്ടതാണ്.

## പച്ചക്കറികൃഷിയെക്കുറിച്ച് ഹ്രസ്വ ചിത്രങ്ങൾ

കർഷക സൌഹാർദ പരിപാടിയുടെ ഭാഗമായി വീട്ടിലെ പച്ചക്കറി കൃഷിയെ കുറിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ ഹ്രസ്വചിത്രങ്ങൾ ബ്യൂറോയുടെ യൂട്യൂബ് ചാനലിലും (https://www.youtube.com/channel/UCdsdwfAoR3rGjBYjPnKhliA) വെബ്സൈറ്റിലും ( www.fibkerala.gov.in) ലഭ്യമാണ്. പച്ചമുളക് കൃഷി, മത്തൻ കൃഷി ,പടവല കൃഷി ,പാവയ്ക്ക കൃഷി ,കോവൽ കൃഷി ,വെള്ളരി കൃഷി ,മുരിങ്ങ കൃഷി, വെണ്ട കൃഷി, പയർ കൃഷി തുടങ്ങിയ പച്ചക്കറി വിളകളുടെ കൃഷിരീതികൾ വിശദീകരിക്കുന്ന വീ ഡിയോകളാണ് അപ് ലോഡ് ചെയ്തിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ബന്ധപ്പെടുക. ഈ മെയിൽ fibtvm@gmail.com

## ഏക കിറ്റ്

കേരള കാർഷിക സർവകലാശാല ഗ്രോബാഗിലെ പച്ചക്ക റി കൃഷിക്കാവശ്യമായ ഉത്പാദന ഉപാധികൾ അടങ്ങിയ ഏക കിറ്റ് പുറത്തിറക്കിയിട്ടുണ്ട്. പത്തു ഗ്രോ ബാഗിലേക്ക് ആവശ്യമായ വളങ്ങളും കീടരോഗ നിയന്ത്രണ ഉപാധികളു മാണ് ഒരു ഏക കിറ്റിൽ ഉള്ളത്. ഒരു ഏക കിറ്റിന്റെ വില 225 രൂപ. കേരള കാർഷിക സർവകലാശാലയുടെ കീഴി ലുള്ള ഇനി പറയുന്ന വിവിധ കേന്ദ്രങ്ങളിൽ നിന്നും ഏക കിറ്റ് കർഷകർക്ക് വാങ്ങാവുന്നതാണ്. തിരുവനന്തപുരം ജില്ല വെള്ളായണി കാർഷിക കോളേജ് വിപണനകേന്ദ്രം 0471 2383572, കൊല്ലം ജില്ല കൊട്ടാരക്കര സദാനന്ദപുര ത്തുള്ള കൃഷിവിജ്ഞാന കേന്ദ്രം 0471 2663599, ആലപ്പുഴ ജില്ല കായംകുളത്തുള്ള ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 0479 2443404, തൃശ്ശൂർ ജില്ല മണ്ണുത്തി യിലുള്ള അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ 0487 2371340, പാലക്കാട് ജില്ല പട്ടാമ്പിയിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 0466 2212228, മലപ്പുറം ജില്ല തവനൂർ കൃഷി വിജ്ഞാന കേന്ദ്രം 0494 2686329, കാർഷിക ഗവേഷണ കേന്ദ്രം ആനക്കയം 0483 2864239, വയനാട് ജില്ല അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം 04936 260411, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 04936 260421.

## പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ ക്യാമ്പയിൻ

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടേയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടേയും സ്പെഷ്യൽ രജിസ്ട്രേഷൻ ക്യാമ്പയിൻ ജൂലായ് 12 മുതൽ 16 വരെ നടത്തുന്നതാണ്. പദ്ധ തിയിൽ ചേരാനാഗ്രഹിക്കുന്ന കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷി യുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്ര ങ്ങളെയോ (CSC) അക്ഷയ കേന്ദ്രങ്ങളെയോ സമീപിക്കേണ്ട താണ്. ഓരോ പഞ്ചായത്തിലേയും അംഗീകൃത കേന്ദ്രങ്ങളുടെ വിവരങ്ങൾ കൃഷി ഭവനുകളിൽ ലഭ്യമാണ്.

വിജ്ഞാപിത വിളകൾക്ക് ഏപ്രിൽ മുതൽ 2021 ജൂലായ് 31 വരെ വായ്പ എടുക്കുകയോ പുതുക്കുകയോ ചെയ്യു കർഷ കർ അതാത് ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘ ങ്ങളെ സമീപിച്ച് ഇൻഷുറൻസ് ഉറപ്പ് വരുത്തേണ്ടതാണ്. ഇവർ അപേക്ഷാ ഫോറവും അനുബന്ധ രേഖകളും സമർ പ്പിക്കേണ്ടതില്ല. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയിൽ നിന്നോ ഏറ്റവും അടുത്തുള്ള കൃഷി ഭവനിൽ നിന്നോ CSC യിൽ നിന്നോ ലഭ്യ മാണ്. ടോൾഫ്രീ നമ്പർ 1800 425 7064.

## കർഷകർക്ക് ഹ്രസ്വകാലവായ്പ

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കാലിക കാർഷിക പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ കേരളാ ഗ്രാമീൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാലവായ്പ അനുവദിക്കുന്നു. വായ്പയുടെ പലിശ നിരക്ക് 6.4% ആണ് . കാലാവധി ഒരു വർഷമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ സഹകരണ സ്ഥാപനവുമായോ ബന്ധപ്പെടാവുന്നതാണ്.

## ആട് വളർത്തൽ പദ്ധതിയിലേക്ക് അപേക്ഷിക്കാം

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## പശുഡയറിയൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്സ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറിയൂണിറ്റ്, 2 പശുഡയറിയൂണിറ്റ് 5 പശു ഡയറിയൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതി ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസനഓഫീസുകളിൽ ബന്ധപ്പെടേണ്ടതാണ്.

## കാഫ് പദ്ധതി

അരുമ മൃഗങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ഓൺലൈൻ ചികിത്സാ സംവിധാനവുമായി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കെ വി എ എസ് യു അഡ്വൈസറി ഫോർ ലൈവ് സ്റ്റോക്ക് ഫാർമേർസ് ('കാഫ്' ) പദ്ധതി. ഈ പദ്ധതി പ്രകാരം വളർത്തുമൃഗ പരിപാലനം, രോഗം, ഭക്ഷണരീതി, മറ്റ് അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട് കർഷകരും സംരംഭകരും അഭിമുഖീകരിക്കുന്ന പ്രായോഗിക പ്രശ്നങ്ങളുടേയും സംശയങ്ങളുടേയും നിവാരണത്തിനായി സർവ്വകലാശാലയിലെ കാഫ് കേന്ദ്രത്തിലേയ്ക്ക് വിളിയ്ക്കാവുന്നതാണ്. രാവിലെ 9 മുതൽ 12 വരേയും ഉച്ചയ്ക്ക് 2 മുതൽ 5 വരേയും "9447030801" എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് മൊബൈൽ കോൺഫറൻസിങ്ങിലൂടെ സംശയനിവാരണം നടത്താവുന്നതാണ്.

## പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

- പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ഇതിനായി എയിംസ് വെബ്സൈറ്റ് സന്ദർശിക്കുക. (https://www.aims.kerala.gov.in)
- മാർഗനിർദ്ദേശങ്ങൾ ക്ലിക്ക് ചെയ്താൽ വ്യക്തിഗത ലോഗിന്റേയും ഗ്രൂപ്പ് ലോഗിന്റേയും മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.
- ആദ്യമായി എയിംസ് പോർട്ടൽ ഉപയോഗിക്കുന്നവർ പുതിയ രജിസ്ട്രേഷനിൽ ആധാർ നമ്പരും ഫോൺ നമ്പരും ഉപയോഗിച്ച് പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സൃഷ്ടിക്കേണ്ടതാണ്.
- യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് കർഷകലോഗിൻ ക്ലിക്ക് ചെയ്ത് പോർട്ടലിൽ കയറാവുന്നതാണ്.
- പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടം അറിയിക്കുന്നതിലേക്കായി 'റിപ്പോർട്ട് കലാമിറ്റി' ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ് .
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി 'എയിംസ്'' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. https://youtu.be/PwW6_hDvriY
- എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

## ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറു മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗിന്റെ അടിസ്ഥാന യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. 9495000930, 9400608493.

# വിള ഇൻഷുറൻസ്

പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടെയും കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയുടെയും ഖാരിഫ് 2021 സീസണിലേക്കുള്ള വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി മുതലായവ) പച്ചക്കറികൾ (പയർ, പടവലം,പാവൽ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്.

പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വിജ്ഞാപിത പ്രദേശം അടിസ്ഥാനമാക്കി വിളവിനുള്ള നഷ്ടത്തിനും, നടീൽ തടസ്സപ്പെടുന്നതിനും, ഇടക്കാല നഷ്ടങ്ങൾക്കും, വെള്ളക്കെട്ട് (നെല്ല് ഒഴികെ) മഴ, ഉരുൾപൊട്ടൽ, ഇടി മിന്നൽ മൂലമുള്ള തീപിടുത്തം, മേഘവിസ്ഫോടനം, എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ നഷ്ടപരിഹാര നിർണയം ഓരോ വിജ്ഞാപിത പ്രദേശത്തിനും ബന്ധപ്പെട്ട സൂചിത കാലാവസ്ഥ നിലയത്തിൽ ഇൻഷുറൻസ് കാലയളവിൽ രേഖപ്പെടുത്തുന്ന കാലാവസ്ഥ ഡാറ്റ അനുസരിച്ച് മാത്രമാണ്. വെള്ളപ്പൊക്കം, കാറ്റ് ( വാഴ,ജാതി,കവുങ്ങ്, കുരുമുളക്, ഏലം, കൊക്കോ എന്നീ വിളകൾക്ക മാത്രം) ഉരുൾപൊട്ടൽ (ആലപ്പുഴ കാസർഗോഡ് എന്നിവ ഒഴികെ) എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. ഓരോ വിളയുടെയും ഇൻഷുറൻസ് തുകയും പ്രീമിയം നിരക്കും വ്യത്യസ്തമായിരിക്കും. പദ്ധതിയിൽ ചേരേണ്ട അവസാന തീയതി 31. 7. 2021. കർഷകർക്ക് ഓൺലൈനായും (www. pmfby.gov.in ) ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. വിളകൾക്ക് വായ്പ എടുത്ത കർഷകരെ നിർദ്ദിഷ്ട ബാങ്കുകൾ ചേർക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി ചീട്ടിന്റെ കോപ്പി, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ AIC യുടെ റീജിയണൽ ഓഫീസുമായോ ബന്ധപ്പെടുക (0471 - 2334493). അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ ടോൾഫ്രീ നമ്പറിലും ബന്ധപ്പെടാവുന്നതാണ്. (1800 -425 -7064)

# ബ്ലാക്ക് ഫംഗസിനെതിരെ ജാഗ്രതൈ

മനുഷ്യരെയും മൃഗങ്ങളെയും ബാധിക്കുന്ന ഗുരുതരമായ ഫംഗസ് അണുബാധയാണ് മ്യൂകർമൈകോസിസ് അഥവാ ബ്ലാക്ക് ഫംഗസ്. അന്തരീക്ഷത്തിലും, മണ്ണിലും, അഴുകിയ ജൈവവസ്തുക്കളിലും സാധാരണയായി കാണപ്പെടുന്നവയാണ് ബ്ലാക്ക് ഫംഗസ്. ഇവ ഉത്പാദിപ്പിക്കുന്ന സ്പോറുകൾ വഴിയാണ് രോഗവ്യാപനം പ്രധാനമായും സംഭവിക്കുന്നത്. ശ്വസനവ്യവസ്ഥയിലൂടെയാണ് സ്പോറുകൾ മുഖ്യമായും മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത്. ഇത് കൂടാതെ തൊലിപ്പുറമെ ഉണ്ടാകുന്ന മുറിവ്, ചതവ് എന്നിവയിലൂടെയോ, ഭക്ഷ്യവസ്തുക്കൾ വഴിയോ ഫംഗസ് നേരിട്ട് ശരീരത്തിൽ കടന്നേക്കാം. അപൂർവ്വമായി കന്നുകാലികളെയും വളർത്തുമൃഗങ്ങളെയും മ്യൂകർമൈകോസിസ് ബാധിക്കാറുണ്ട്. എന്നാൽ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കോ, മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കോ ഇത് പകരാറില്ല. കോവിഡ് ബാധിതരിൽ പ്രതിരോധശേഷി ദുർബലമായിരിക്കും. കോവിഡ്ചികിത്സയ്ക്ക് ഉപയോഗിക്കുന്ന സ്റ്റിറോയ്ഡ് മരുന്നുകൾ ശരീരത്തിന്റെ പ്രതിരോധശേഷികുറയ്ക്കുന്നുണ്ട്. ഇതാണ് കോവിഡ് പോസിറ്റീവ് ആകുന്നവരെ ഫംഗസ് ബാധിക്കാനുള്ള പ്രധാന കാരണം.



കന്നുകാലികളിൽ ഫംഗസ് ഗ്രാനുലോമയും പന്നികളിലും, പശു

കുട്ടികളിലും ഛർദ്ദി, വയറിളക്കം, അൾസർ, വയറുവേദന എന്നിവയുമാണ് സാധാരണ ലക്ഷണങ്ങൾ. മനുഷ്യരിൽ രോഗം പ്രധാനമായും ബാധിക്കുന്നത് സൈനസസ്, ശ്വാസകോശം, ചർമ്മം, തലച്ചോറ്, ദഹനവ്യവസ്ഥ എന്നിവയെയാണ്. പ്രാരംഭഘട്ടത്തിൽതന്നെ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ അന്ധതയ്ക്കും, മരണത്തിനും വരെ കാരണമായേക്കാം. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർ എത്രയും പെട്ടെന്നു തന്നെ വിദഗ് ദ്ധ സഹായം തേടി രോഗനിർണ്ണയം നടത്തേണ്ടതാണ്.

## മുൻകരുതലുകൾ

ഫംഗസ് ബാധ തടയാൻ മാസ്ക് കൃത്യമായ രീതിയിൽ ശാസ്ത്രീയമായി തന്നെ ധരിയ്ക്കുക. പ്രമേഹരോഗികൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രണ വിധേയമാക്കാൻ ശ്രദ്ധിക്കണം. സ്റ്റിറോയ്ഡ് മരുന്നുകളുടെ അനാവശ്യവും അമിതവുമായ ഉപയോഗം നിയന്ത്രിക്കണം. ആന്റിബയോട്ടിക്, ആന്റിഫംഗൽ മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രം ഉപയോഗിയ്ക്കുക. ആവിപിടിക്കാൻ ഉപയോഗിക്കുന്ന വെള്ളം നല്ലതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഫംഗസ് അണുബാധ സംശയിക്കുന്നവരും രോഗലക്ഷണങ്ങൾ ഉള്ളവരും ഉടൻതന്നെ വൈദ്യസഹായംതേടുക.

**ഡോ. ലത സി.**
കേരള വെറ്റിനറി &
അനിമൽ സയൻസ് സർവ്വകലാശാല





കോവിഡ് ബാധിച്ച് മരിച്ച ക്ഷീരകർഷകരുടേയും ക്ഷീരസംഘങ്ങളിലെ സ്ഥിരംജീവനക്കാരുടേയും കുടുംബങ്ങൾക്ക് മിൽമ മലബാർ മേഖല യൂണിയൻ നൽകിയ ധനസഹായ വിതരണത്തിന്റെ ഉദ്ഘാടനം ബഹു മാനപ്പെട്ട മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി വിർച്ചൽ പ്ലാറ്റ്ഫോമിലൂടെ 2021 ജൂൺ മാസം 18 ന് നിർവ്വഹിച്ചു.




കോഴിവളർത്തൽ കർഷകരെ സഹായിക്കുന്നതിനായി കേരള ഫീഡ്സ് പുറത്തിറക്കിയ അതുല്യം ഗ്രോവർ കോഴിത്തീറ്റയുടെ വിപണോദ്ഘാടനം ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ചിഞ്ചുറാണി അവർകൾ 2021 ജൂൺ മാസം 16ന് നിർവ്വഹിച്ചു.

# വെളിച്ചെണ്ണ മിൽ പ്ലാന്റ് മാമത്ത് പ്രവർത്തനം തുടങ്ങി

മാമത്ത് ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സിൽ പ്രവർത്തനം തുടങ്ങിയ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (കേര കോർപ്പിന്റെ) വെളിച്ചെണ്ണ ഉൽപാദന





പ്ലാന്റിന്റെ ഉദ്ഘാടനം 30.06.2021 ന് വൈകിട്ട് 4 മണിക്ക് കൃഷി വകുപ്പ് മന്ത്രി പ്രസാദ് നിർവഹിച്ചു. 'കേരജം' എന്ന ബ്രാൻഡിൽ ആണ് വെളിച്ചെണ്ണ വിപണിയിൽ ഇറക്കിയത്.

# "പടവലം ചന്ദ്രൻ"

രാജീവ് നന്ദിയോട്

നാല്പതു വർഷങ്ങൾക്കു മുമ്പ് തനിക്കു ലഭിച്ച വിത്തിൽ നിന്നും ഭംഗിയുള്ള നീളൻ പടവലവും വെള്ളരിയുമൊക്കെ മണ്ണിൽ വിളയിച്ച് വിജയം കൊയ്ത കർഷകനാണ് ആനക്കുഴി ചന്ദ്രൻ.

നാട്ടുകാർ ഇദ്ദേഹത്തെ സ്നേഹത്തോടെ "പടവലം ചന്ദ്രൻ" എന്നു വിളിക്കുമ്പോൾ അത് തന്റെ അദ്ധ്വാനത്തിനു ലഭിച്ച വലിയ അംഗീകാരമായി ഈ കർഷകൻ കരുതുകയാണ്.

ആരോഗ്യമുള്ള വിത്തിൽ നിന്നും സമൃദ്ധമായ ഫലങ്ങൾ ലഭിക്കുമെന്നാണ് അദ്ദേഹം പറയുന്നത്.

നന്ദിയോട് പഞ്ചായത്തിൽ ആനക്കുഴി സുനിത വിലാസത്തിൽ താമസിക്കുന്ന അദ്ദേഹത്തിന് കൃഷി ഭവനിൽ നിന്നും കൃഷിക്കാവശ്യമായ നിർദ്ദേശങ്ങളും സഹായവും ലഭിക്കാറുണ്ടെന്ന് അദ്ദേഹം പറയുന്നു.



തന്റെ അദ്ധ്വാനത്തിൽ വിളഞ്ഞ കാർഷികോല്പന്നങ്ങൾ അദ്ദേഹം നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റ്, വേളാവൂർ, സൺഡേ മാർക്കറ്റ് എന്നിവിടങ്ങളിൽ വിറ്റഴിക്കുന്നു. മലക്കറി, വാഴ എന്നിവയും ചന്ദ്രന്റെ തോട്ടത്തിൽ സമൃദ്ധമായി വളർന്നു നിൽക്കുന്നു.

ഒരിക്കലും കൃഷി പരാജയമാണെന്ന അഭിപ്രായം അദ്ദേഹത്തിനില്ല.

എഴുപത്തിമൂന്നു വയസായ ചന്ദ്രൻ ഇപ്പോഴും സ്വന്തമായി കൃഷി ചെയ്യുന്നു.

കഴിഞ്ഞ കൊല്ലത്തെ ഓണക്കൃഷി മികച്ചതായിരുന്നു എന്നും ഈ കർഷകൻ ഓർക്കുന്നു.

പച്ചപ്പിന്റെ സമൃദ്ധിയിൽ സന്തോഷത്തിന്റെ വിത്തുകൾ ഈ കർഷകൻ വീണ്ടും വിതറുകയാണ്. ആ കൃഷിയാത്ര സാർത്ഥകമായിത്തുടരട്ടെ.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh